പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 197 — 11-06-2012 -ൽ മറുപടിക്ക്.

പാർപ്പിട നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ പാർപ്പിടനയം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്; 'സുരക്ഷിത ഭവനം പൗരന്റെ അവകാശം' എന്ന സമീപനത്തിൽ അധിഷ്ഠിതമായാണ് പുതിയ പാർപ്പിട നയം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു. ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, പാവപ്പെ ട്ടവരിൽ പാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നത് ഈ പാർപ്പിട നയത്തിന്റെ മുഖ്യലക്ഷ്യമാണ്. പൊതുതാൽപര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവനനിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ-പങ്കാളിത്ത(പബ്ലിക്-പ്രൈവറ്റ്- പാർട്ണർഷിപ്പ്, പൊതു-സ്വകാര്യ- പഞ്ചായത്ത്-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ് - പഞ്ചായത്ത്-പാർട്ണർഷിപ്പ്) വികസനസാമ്പത്തിക മാതൃകകൾ രൂപപ്പെ |

ടുത്തുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു. പാർപ്പിട നയത്തിൽ വിഭാവനം ചെയ്ത മാതൃകയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചു. ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട് എന്നിവ രൂപീകരിക്കു ന്നതിനും കേരള ബിൽഡിംഗ്സ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്ട്, അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് എന്നിവ അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിനും പ്രവാസി ഇന്ത്യക്കാരുടെയും പ്രവാസി കേരളീയരുടെയും പാർപ്പിട ആവശ്യങ്ങൾ നേരിടുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നു.

(ബി) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിക്കുന്നതിനുള്ള ഏതെല്ലാം നൂതന സാങ്കേതിക വിദ്യയാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(ബി) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിക്കുന്നതിന് പരിസ്ഥിതി സൗഹൃദപരവും ഊർജ്ജക്ഷമവുമായ ഹരിത സാങ്കേതിക വിദ്യ (ഗ്രീൻ ടെക്നോളജി) പ്രോൽസാഹിപ്പിക്കുന്നതിന് മാതൃക ഹരിത മന്ദിരങ്ങൾ നിർമ്മിക്കുന്നതാണ്. ചെലവ് ചുരുങ്ങിയതും കൂടുതൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ളതുമായ കെട്ടിട നിർമ്മാണം സാധ്യമാക്കുന്നതിന് ഫാക്ടറി നിർമ്മിത ഭാഗിക പ്രീഫാബ്രിക്കേറ്റഡ് (മുൻകൂട്ടി തയ്യാറാക്കി വച്ചിട്ടുള്ള) നിർമ്മാണ സാമഗ്രികളുടെ ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കാർഷികവും വ്യാവസായികവുമായ പാഴ്‌വസ്തുക്കളിൽ അധിഷ്ഠിതമായ നിർമ്മാണ സാമഗ്രികളുടെയും ഘടക വസ്തുക്കളുടെയും ഉപയോഗം പ്രയോജനപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ.